

കർത്താവേ നിൻ രൂപം എനിയ്ക്കെല്ലായ്പ്പോഴും സന്തോഷമേ
സ്വർഗത്തിലും ഭൂമിയിലും ഇതുപോലില്ലോർ രൂപം വേറെ

അരക്കാശിനും മുതലില്ലാതെ തല ചായ്പാനും സ്ഥലമില്ലാതെ
മുപ്പത്തിമൂന്നരക്കൊല്ലം പാർത്തലത്തിൽ പാർത്തല്ലോ നീ

ജന്മസ്ഥലം വഴിയമ്പലം ശയ്യാഗൃഹം പുൽക്കൂടാക്കി
വഴിയാധാരജീവിയായി നീ ഭൂലോകത്തെ സന്ദർശിച്ചു

എല്ലാവർക്കും നന്മ ചെയ്‌വാൻ എല്ലായ്പ്പോഴും സഞ്ചരിച്ചു
എല്ലാടത്തും ദൈവസ്നേഹം വെളിവാക്കി നീ മരണത്തോളം

സാത്താനെ നീ തോല്പിച്ചവൻ സർവായുധം കവർന്നല്ലോ
സാധുക്കൾക്കോർ സങ്കേതമായ് ഭൂലോകത്തിൽ നീ മാത്രമേ

ദുഷ്ടന്മാരെ രക്ഷിപ്പാനും ദോഷം കൂടാതാക്കീടാനും
രക്ഷിതാവായിക്ഷിതിയിൽ കാണപ്പെട്ട ദൈവം നീയേ

ചങ്കിൻ ചോര ഗതശമേനിൽ വെച്ചുണ്ടായ പോരാട്ടത്തിൽ
തുള്ളിതുള്ളി വിയർത്തതാൽ ദൈവകോപം നീങ്ങിപ്പോയി

യെഹുദന്മാർക്കും റോമാക്കാർക്കും പട്ടാളക്കാർ അല്ലാത്തോർക്കും
ഇഷ്ടം പോലെ എന്തും ചെയ്‌വാൻ കുഞ്ഞാടുപോൽ നിന്നല്ലോ നീ



**Contact:**
**ROSHAN GEORGE**

**Email:**
thesaintofparumala@gmail.com
mail@roshangeorge.me



ക്രൂശിന്മേൽ നീ കൈകാൽകളിൽ ആണി എറ്റു കരയുന്നേരം
നരകത്തിന്റെ തിരമാലയിൽ നിന്നെല്ലാരേം രക്ഷിച്ചു നീ

മൂന്നാംനാളിൽ കല്ലറയിൽ നിന്നുത്ഥാനം ചെയ്തതിനാൽ
മരണത്തിന്റെ പരിതാപങ്ങൾ എന്നെന്നേക്കും നീങ്ങിപ്പോയി

പ്രയ ശിഷ്യർമദ്ധ്യത്തിൽ നിന്നുയർന്നു നീ സ്വർഗത്തിലായി
ശ്രീഘ്രം വരാമെന്നല്ലോ നീ ഗലീല്യരോടുരച്ചത്

തേജസ്സിന്റെ കർത്താവേ എൻ പ്രാണപ്രിയ സർവസ്വമേ
ഗലീല്യരിൻ സങ്കേതമേ വീണ്ടും വേഗം വന്നീടണേ



**Contact:**
**ROSHAN GEORGE**

**Email:**
thesaintofparumala@gmail.com
mail@roshangeorge.me